പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 424 — 28.6.2013-ന് മറുപടിക്ക്

മാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി<br>„ എം.പി. അബ്ദുസ്സമദ് സമദാനി<br>„ എൻ.എ. നെല്ലിക്കുന്ന്<br>„ എൻ. ഷംസുദ്ദീൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യ സംസ്കരണത്തിലൂടെ എനർജി ഉൾപ്പെടെയുള്ള അനുബന്ധ ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിന് വികസിതരാജ്യങ്ങളിൽ ഉപയോഗപ്പെടുത്തുന്ന ആധുനികസാങ്കേതിക വിദ്യകളെക്കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇവയിൽ സംസ്ഥാനത്തിന് അനുയോജ്യമായതും, ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ സാങ്കേതികവിദ്യകളെ ഷോർട്ട്ലിസ്റ്റ് ചെയ്തിട്ടുണ്ടോ ; | ബി) ഉണ്ട്. |
| സി) എങ്കിൽ ഇത്തരം സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി എവിടെയെങ്കിലും പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | സി) ഇതു വരെ സ്ഥാപിച്ചിട്ടില്ല.<br>തിരുവനന്തപുരം (പൈലറ്റ് പ്രോജക്ട്), കോട്ടയം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ